(സി) കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ നിലവിലുള്ള സബ് സെന്ററുകളിൽ ഇപ്പോൾ എത്ര എണ്ണം പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ഇപ്പോൾ തന്നെ ഇതിനുള്ള ക്രമീകരണങ്ങൾ നിലവിലുണ്ട്.

(സി) കുന്നത്തുനാട് താലൂക്കിൽ നിലവിലുള്ള സബ് സെന്ററുകൾ എല്ലാം തന്നെ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്.

പാലക്കാട് ജില്ലയിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി

164 (3093)ശ്രീ. വി.സി. കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ പാലക്കാട് ആസ്ഥാനമായി സ്ത്രീകളുടെയും കുട്ടികളുടെയും മാത്രമായി ഒരു ആശുപത്രി നിർമ്മിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ മരാമത്ത് പണി ഏതു വരെയായി;

(സി) ഈ പണി തുടങ്ങിയിട്ട് എത്ര വർഷമായി;

(ഡി) ഈ ആശുപത്രിയുടെ നിർമ്മാണത്തിനുള്ള മതിപ്പ് തുക എത്രയെന്ന് വ്യക്തമാക്കുമോ;

(ഇ) ഈ കാലയളവിൽ (നിർദ്ദേശം ഉണ്ടായ വർഷം മുതൽ) ഇത് എത്ര തവണ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്;

(എഫ്) നിലവിൽ ഈ പണി പൂർത്തിയാക്കുന്നതിന് എന്ത് തുക കൂടി ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; ഈ പണി എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) രണ്ട് നില സ്ട്രക്ചർ മാത്രമേ തീർത്തിട്ടുള്ളു. ബാക്കി ചുവരിന്റെ തേപ്പ്, വൈദ്യുതി, ജലവിതരണം, അപ്രോച്ച് റോഡ് എന്നിവയുടെ പണി തീരാനുണ്ട്.

(സി) 5 വർഷമായി.

(ഡി) പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം 1.64 കോടി രൂപയാണ്.

(ഇ) 2 തവണ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

(എഫ്) പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം 78 ലക്ഷം രൂപ കൂടി ചെലവ് പ്രതീക്ഷിക്കുന്നു. പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം ഭരണാനുമതിയും ഫണ്ടും ലഭ്യമാക്കുന്ന മുറയ്ക്ക് പണി പൂർത്തിയാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly